# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവർ, കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി : 03/11/2022

## പത്രക്കുറിപ്പ്

## ഭരണഭാഷ മലയാളമാക്കേണ്ടത് മലയാളികളുടെ ആഗ്രഹം - പെരുമ്പടവം ശ്രീധരൻ

തിരുവനന്തപുരം:- ഭരണഭാഷ മലയാളമാക്കേണ്ടത് മലയാളികളുടെ ആഗ്രഹമാണെന്ന് പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ പറഞ്ഞു. ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആസ്ഥാനത്ത് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം .

കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയാണ് ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി വകുപ്പിൽ സെമിനാർ സംഘടിപ്പിച്ചത് .

ചടങ്ങിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അജിത് പാട്ടീൽ ഐ.എ.എസ്. അധ്യക്ഷനായിരുന്നു. അഡീഷണൽ കമ്മീഷണർ(നിയമം) എ.സറഫ് സ്വാഗതം പറഞ്ഞു. മലയാറ്റൂർ രാമകൃഷ്ണൻ ഫൗണ്ടേഷൻ സെക്രട്ടറി പി.ആർ. ശ്രീകുമാർ ആശംസകൾ അർപ്പിച്ചു . സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഉദ്യോഗസ്ഥനായ പ്രബുൽ ഭാസ് ഇ.പി നന്ദി പറഞ്ഞു.

**ചിത്രത്തിന്റെ അടിക്കുറിപ്പ്**

ഭരണഭാഷാവാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആസ്ഥാനത്ത് സംഘടിപ്പിച്ച സെമിനാർ പെരുമ്പടവം ശ്രീധരൻ ഉദ്ഘടനം ചെയ്യുന്നു .

Sd/-

COMMISSIONER